# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 529 02.12.2014-ലെ മറുപടിക്ക്

## സർക്കാർ കടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | 2014 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ എത്ര കോടി രൂപയാണ് കടമെടുത്തിരിക്കുന്നത് എന്ന് വിശദമാക്കുമോ ; | 2014 ഏപ്രിൽ ഒന്നു മുതൽ 26.11.2014 വരെ പൊതുവിപണിയിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും, മറ്റു ഏജൻസികളിൽ നിന്നുമായി ആകെ 10145.60 കോടി രൂപ കടമെടുത്തിട്ടുണ്ട്. |
| (ബി) | ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് കടമെടുത്തിരിക്കുന്നത് ; | (see table below) |
| (സി) | പ്രസ്തുത തുക ആസ്തി നിർമ്മാണ രംഗത്തോ വ്യാവസായിക / ഉൽപ്പാദന രംഗത്തോ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് തുക ; ഏതൊക്കെ മേഖലയിൽ ; | (സി & ഡി)<br>സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും പൊതുവിപണിയിൽ നിന്നും വായ്പ എടുക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും Consolidated fund ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് ഇത്തരത്തിൽ വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. എന്നാൽ വിദേശ ഏജൻസികളായ എ.ഡി.ബി., ലോക ബാങ്ക്, ജിക്ക എന്നിവിടങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾ യഥാക്രമം കെ.എസ്.യു.ഡി.പി., കെ.എസ്.റ്റി.പി., ഡ്രിപ്, കെ.എൽ.എസ്.ഡി.പി., ഐ.എച്ച്.പി. കേരള |

| ഏജൻസി | തുക (കോടിയിൽ) |
|---|---|
| പൊതുവിപണി | 9400 |
| ലോക ബാങ്ക് | 354.83 |
| JICA | 83.34 |
| ADB | 41.23 |
| നബാർഡ് | 234.35 |
| NSSF | 31.85 |
| ആകെ | 10145.60 |

<table>
<tr>
<td>(ഡി)</td>
<td>സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്ക് ഇപ്രകാരം കടമെടുത്ത തുക ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുക ;</td>
<td>വാട്ടർ സപ്ളൈ പ്രോജക്ട് എന്നിവയ്ക്കായിട്ടാണ് വിനിയോഗിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.
<table>
<tr><th>പദ്ധതി</th><th>തുക (കോടിയിൽ)</th></tr>
<tr><td>DRIP</td><td>2.17</td></tr>
<tr><td>KSUDP</td><td>41.23</td></tr>
<tr><td>KSTP</td><td>25.87</td></tr>
<tr><td>KLGSDP</td><td>243.10</td></tr>
<tr><td>KWSP</td><td>83.34</td></tr>
<tr><td>KRWSSP</td><td>79.96</td></tr>
<tr><td>IHP</td><td>3.73</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>വീണ്ടും കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര ?</td>
<td>കടമെടുക്കാൻ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നുമാത്രമേ കടമെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**